# അഗാപെ കൈയ്യെഴുത്തു മാസിക

VOLUME - XIV

## The commandments,

“You shall not commit adultery,” “You shall not murder,”
“You shall not steal,” “You shall not covet,”
and whatever other command there may be,
are summed up in this one command:

**“Love your neighbor as yourself.”**

Love does no harm to a neighbor.
Therefore love is the fulfillment of the law.

ROMANS 13:9-10



few moments with music legend

*RSV*

follow us:

+971 50 3243161 Gmail agape.magasine@gmail.com http://www.facebook.com/pages/Agape-Magasine

web : www.agapemagzine.com

# CONTENTS

1. EDITORIAL

2. INTERVIEW WITH MUSIC LEGEND RSV


3. ACTS OF THE APOSTLES – A STUDY

4. BIBLE HISTORY

5. OLD SONG-SADHU KOCHUKUNJU UPADESI'S

6. QUIZ

COVER PAGE DESIGN BY JOBI D JOHN


EPHESIANS 4:15
SPEAKING THE TRUTH IN LOVE,
WE WILL IN ALL THINGS GROW UP
INTO HIM WHO IS THE HEAD,
THAT IS, CHRIST.
EDITORIAL

## മുഖവുര.

ലോകത്തിലെ ഏറ്റവും വലിയ ജനാധിപത്യ രാഷ്ട്രമായ നമ്മുടെ ഇന്ത്യ തിരഞ്ഞെടുപ്പ് ചൂടിലാണ്. രാഷ്ട്രീയക്കാർ പൊരിയുന്ന ചൂടിലും എങ്ങനെയെങ്കിലും എതിരാളിയെ തറപറ്റിച്ച് അധികാരം നേടിയെടുക്കാൻ വേണ്ടി നെട്ടോട്ടം ഓടുകയാണ്. സകലവിധ സുഖ സൗകര്യത്തിലിരുന്നു കൊണ്ട് അഞ്ചു വർഷത്തേക്ക് മറ്റുള്ളവരെ ഭരിക്കുവാൻ വേണ്ടി അവസരം തേടിയുള്ള നെട്ടോട്ടം. ഭരണാധികാരികൾക്കും ഭരണം വിട്ടു കൊടുക്കുവാൻ മനസ്സില്ലാതെയുള്ള പരാക്രമം. ഇതോ രാഷ്ട്ര സേവനം. ഇന്ന് ക്രിസ്തീയ സഭകളും ലോകം എന്ത് ചെയ്യുന്നോ അതിനെ പിന്തുടരാൻ വെമ്പൽ കൊള്ളുകയാണ്. സഭ ഭരണതലങ്ങളിലും മത്സരമാണ്.

എന്നാൽ രണ്ട് സഹസ്രാബ്ദങ്ങൾക്കു മുമ്പ് വ്യത്യസ്തനായ ഒരാൾ ഈ ലോകത്ത് ജനിച്ചിരുന്നു. പിറവിയിലെ രാജാവായിരുന്നവൻ. സർവ്വവും സൃഷ്ടാവുമായിരുന്നവൻ, തന്റെ ശിഷ്യന്മാരുടെ കാലുകളെ കഴുകി, ഒരുവൻ അത്യുന്നത പദവി കാംക്ഷിക്കുന്നുവെങ്കിൽ അവൻ എല്ലാവരുടെയും ദാസനാകണമെന്ന് വ്യത്യസ്തമായ രീതി പഠിപ്പിച്ചവൻ. തനിക്കുള്ളവരെ അവസാനത്തോളം സ്നേഹിച്ച്, ഞാൻ ഇരിക്കുന്നിടത്ത് നിങ്ങളും ഇരിക്കുവാൻ വീണ്ടും ഞാൻ വരുമെന്ന് ധൈര്യത്തോടെ ഉറപ്പ് പറഞ്ഞു പോയ ഒരുവൻ.

ഇന്നത്തെ രാഷ്ട്രീയക്കാർക്കോ സഭാ നേതാക്കന്മാർക്കോ പറയുവാൻ കഴിയുമോ ഞാൻ ഇരിക്കുന്നിടത്ത് എന്റെ ശിഷ്യന്മാരും ഇരിക്കണമെന്ന്?.

ക്രിസ്തു ശിഷ്യർ എന്നഭിമാനിക്കുന്നവർ മനസ്സിലാക്കേണ്ടത് മാത്സര്യം എല്ലാം ഒഴിവാക്കുക എന്നുള്ളതാണ്. ലൗകികതയുടെ –

വിശ്വാസത്തിൽ നിന്നു നമ്മെ പുറകോട്ടു വലിക്കുന്ന സകലത്തോടുമുള്ള വിരക്തി. ഇത് ഏറ്റം വിപരീതദിശയിലാണ്. ലോകം എന്ത് ചെയ്യുന്നു എന്നു നോക്കി അതിനൊപ്പിച്ച് ചുവടു വയ്ക്കുകയാണ് നാമും.

നമ്മുടെ സ്ഥാനമാനങ്ങൾ ഒരിക്കലും വേറെ ആർക്കും വിട്ടു കൊടുക്കാതെയുള്ള പ്രവർത്തനം നടത്തുന്നവർ ഒരിക്കൽ തിരിച്ചറിയും "ഈ ലോകവും അതിന്റെ മോഹവും കടന്നു പോകുന്നു" എന്ന്. അപ്പോഴേക്കും ഒരുപാടു വൈകിയിരിക്കും. ലാസറിനെയും ധനവാന്റെയും കഥയിലെ ധനവാനെപ്പോലെ.

"എന്റെ രാജ്യം ഐഹികമല്ല." എന്നു പറഞ്ഞ് കൈകളെ വിരിച്ച് (ക്രൂശിൽ മരിച്ച യേശു കർത്താവ് ചോദിക്കുന്ന ഒരു ചോദ്യം ഉണ്ട് മനുഷ്യപുത്രൻ വരുമ്പോൾ അവൻ ഭൂമിയിൽ വിശ്വാസം കണ്ടെത്തുമോ?

നമ്മുടെ പൗരത്വം സ്വർഗ്ഗത്തിലാണ്. അവിടെയാണ് നമ്മുടെ അവകാശം നിക്ഷേപിക്കുന്നത്. വിശ്വാസമാണ് നമ്മുടെ തിരിച്ചറിയൽ കാർഡ്. അവിടെ നിന്നു കർത്താവായ യേശുക്രിസ്തു രക്ഷിതാവായി വരും എന്നു നാം കാത്തിരിക്കുന്നു. അവൻ സകലവും തനിക്കു കീഴ്പ്പെടുത്തുവാൻ കഴിയുന്ന തന്റെ വ്യാപാരശക്തി കൊണ്ടു നമ്മുടെ താഴ്ചയുള്ള ശരീരത്തെ തന്റെ മഹത്വമുള്ള ശരീരത്തോടു അനുരൂപമായി രൂപാന്തരപ്പെടുത്തും. [ഫിലിപ്പിയർ 3: 20-21]

ഈ സ്വർഗ്ഗീയ ദർശനം പ്രാപിച്ചവർ ഒരിക്കലും സ്ഥാനമാനങ്ങൾക്കു വേണ്ടി മത്സരിക്കില്ല.

# അഗപ്പെ കൈയ്യെഴുത്തു മാസിക






# അഗപ്പെ കൈയ്യെഴുത്തു മാസിക



## R.S.V. യുമായി അഭിമുഖം.

പ്രശസ്തിയുടെ കൊടുമുടിയിലേക്ക് മനുഷ്യൻ കയറുമ്പോൾ മാനുഷിക ചിന്തകൾ താഴേക്ക് നോക്കി ആത്മഗതം ചെയ്യും "ഹോ! ഞാനിത്രയും ഉന്നതിയിലാണ് മറ്റുള്ളവരെക്കാളും". എന്നാൽ വിശുദ്ധ തിരുവചനം സാക്ഷിക്കുന്നു: "എന്റെ ശക്തിയും എന്റെ കയ്യുടെ ബലവും ഈ സമ്പത്തുണ്ടാക്കി എന്നു നിന്റെ ഹൃദയത്തിൽ പറയാതിരിപ്പാൻ സൂക്ഷിച്ചുകൊള്ളേണം" [ആവർത്തനപുസ്തകം 8:12] അതുപോലെ "പത്രോസിന്റെ ലേഖനത്തിൽ കാണുന്നു [1 PETER 5:5] "ദൈവം നിഗളികളോടു എതിർത്തുനിൽക്കുന്നു. താഴ്മയുള്ളവർക്കോ കൃപ നല്കുന്നു". ദൈവം കൊടുത്ത എല്ലാ കഴിവുകളും ദൈവനാമ മഹത്വത്തിനായി മാത്രം ഉപയോഗിച്ചു കൊണ്ട് ലോകത്തിന്റെ വിവിധ ഭാഗങ്ങളിലുള്ള മലയാളി ക്രൈസ്തവ ലോകത്തിന് തന്റെ മധുരമാർന്നവ പാടി പുകഴ്ത്തുവാൻ തന്നിലൂടെ അവസരം കിട്ടുമ്പോഴും വിനയം മുഖമുദ്രയാക്കിയും, സൗമ്യതയും താഴ്മയുമുള്ള യേശു കർത്താവിന്റെ ഭാവം ജീവിതത്തിൽ പ്രാവർത്തികവും ആക്കിയ പ്രശസ്ത സംഗീത സംവിധായകനും വടക്കെ ഇന്ത്യയിലെ മിഷനറിയുമായ R.S.V എന്ന ചുരുക്കപ്പേരിൽ അറിയപ്പെടുന്ന ആർ. എസ്. വിജയ് രാജു മായുള്ള അഭിമുഖം.

ദൈവനാമത്തിന് നന്ദി അർപ്പിക്കുന്നു. [illegible] മായി സംസാരിക്കുവാൻ സാധിച്ചതിന്. സമയം അനുവദിച്ചതിനു നന്ദി. മുഖവുരയില്ലാതെ ചോദ്യത്തിലേക്ക് കടക്കയാണ്.

1. R.S.V. എന്നതിന്റെ പൂർണ്ണരൂപം?

ആർ. എസ്. വിജയ് രാജ്.

2. അനേകം ഗാനങ്ങൾ എഴുതി അതിന് ഈണം പകർന്ന്, ദൈവ ജനത്തിന് തന്റെ മഹത്വമായവനെ പാടി പുകഴ്ത്തുവാൻ അതിൽ കൂടി അവസരം അതിൽ കൂടി സാധ്യമായിരിക്കുകയാണ്. ഈ ഗാനങ്ങൾ എഴുതുവാനുള്ള പ്രചോദനം ഒന്നു ചുരുക്കത്തിൽ വിവരിക്കുമോ?

ഉ: ഓർമ്മ വച്ച നാൾ മുതൽ സംഗീതത്തോട് അടുപ്പമുള്ള ഒരു അന്തരീക്ഷം ഉണ്ടായിരുന്നു. പിന്നീട് അതോട് ജീവിതത്തിന്റെ എല്ലാ ഘട്ടങ്ങളിലും അത് വളർന്നു വരുന്നുണ്ടായിരുന്നു. 250-ൽ അധികം ഗാനങ്ങൾ രചിച്ചിട്ടുണ്ട്. അവയിൽ കുറെയേറെ അന്ത്യകാലങ്ങളിൽ ഭൂമിയിൽ നിന്ന് എഴുതിയവയാണ്. എന്നാൽ 1994-ൽ പൂർണ്ണ സമയ സുവിശേഷ വേലക്കായി ഇറങ്ങിയതിന് ശേഷം രചിച്ച വിശ്വാസ ഗാനങ്ങളാണ് ഇന്ന് അധികവും പാടുന്നത്. ഈ ഗാനങ്ങൾ എല്ലാം തന്നെ, വിവിധങ്ങളായ ജീവിതാനുഭവങ്ങളിൽ കൂടെ കടന്നു പോയപ്പോൾ ദൈവം തന്ന ആശ്വാസത്തിന്റെ വചനങ്ങളും സന്ദേശങ്ങളുമാണ്. ദുഃഖങ്ങളുടെയും പ്രതികൂലങ്ങളുടെയും തകർച്ചകളുടെയും നടുവിൽ നിന്നു കൊണ്ട് വിളിച്ചു പറഞ്ഞ വിശ്വാസത്തിന്റെ വാക്കുകളാണ്. അതെല്ലാം എന്റെ വ്യക്തിപരമായ ആശ്വാസത്തിനായി രചിച്ചു. ഇപ്പോൾ അവ അനേകരുടെ ആശ്വാസത്തിനായി തീരുന്നു. സന്തോഷമുണ്ട്.

3. 'എന്നെ നല്ലോർ സഖി' എന്ന മാറാനാഥാ മെലഡി എന്നതിൽ നിന്റെ ചോദ്യങ്ങളുമായി ബന്ധപ്പെട്ടതാണല്ലോ ഈ പാട്ടും ബുക്കായിൽ എത്തിയിരിക്കുന്നത്. ഈ ഒരു അനുഭവം ഞങ്ങളുമായി ഒന്നു പങ്കു വയ്ക്കാമോ?

# അഗപ്പെ കൈയ്യെഴുത്തു മാസിക

3. ഈ പ്രോഗ്രാം എന്റെ ജീവിതത്തിലെ മറക്കാനാകാത്ത ഒരു അനുഭവമാണ്. ഇവിടെ വന്ന് സ്നേഹവും കരുതലും വലിയ ആത്മവിശ്വാസവും പ്രോത്സാഹനവുമായി. ഷോകളിൽ ഒരു പാട്ടുപോലും ആത്മവിശ്വാസവും ധൈര്യവും ലഭിച്ചു എന്നു കേൾക്കുവാൻ തുടങ്ങിയത് തന്നെ വലിയ സന്തോഷം തരുന്നു. പ്രത്യേകിച്ച് ഹൈസ്കൂൾ നാടകം ഇന്ത്യയിൽ ചെയ്തു വരുന്ന പ്രവർത്തനങ്ങൾക്ക് ഈ യാത്ര എല്ലാ വിധത്തിലും വലിയൊരു സഹായമായിത്തീരും. "ആരും കൂടെ നിൽക്കാനില്ലല്ലോ" എന്നോർത്ത് ദാരിദ്ര്യം സ്വയത്താൽ അനേകരുടെ മരണം വരെയും ഇവിടത്തെ കൂട്ടായ്മ അനുഭവിക്കുവാൻ തുടങ്ങിയതും. സ്നേഹിക്കുവാനും പ്രാർത്ഥിക്കുവാനും കൈത്താങ്ങുവാനും ദൈവം കൂടെ ഉണ്ടെന്ന് ഇവിടെ അറിഞ്ഞു. വളരെ സന്തോഷമുണ്ട്.

4. ഓരോ പാട്ടും എഴുതിയതിന്റെ പിന്നിൽ ഓരോ അനുഭവം ... ഉണ്ടെന്ന് മനസ്സിലാക്കും അറിയാം. എല്ലാം കൂടി പങ്കുവയ്ക്കുവാൻ സമയം അനുവദിക്കില്ല. എങ്കിലും അങ്ങയുടെ എത്രയും ഇഷ്ടപ്പെട്ട ഗാനമായ 'ക്രൂശിൽ എനിക്കായ്' എന്നു തുടങ്ങുന്ന ഗാനത്തിന്റെ പിന്നിലെ പശ്ചാത്തലം ഒന്നു വിവരിക്കുമോ? "സ്നേഹിക്കും നിന്നെ ഞാൻ നിരന്തരം ഒന്നെൻ" എന്നുള്ള വരി അനുഗ്രഹമായിരിക്കുന്നു.

പാട്ടുകളിൽ നിന്നു അനേകർക്ക് ലഭിച്ച അനുഗ്രഹങ്ങളോടും പിതൃതുല്യനായ ഒരുക്കിത്തന്ന എല്ലാ കഴിവുകൾക്കും ഞാൻ ദൈവത്തിന് നന്ദി പറയുന്നു.

5. "ഈ സാഹചര്യത്തിലും നീ എന്നെ അധികമായി സ്നേഹിക്കുന്നുവോ?" എന്ന് അർത്ഥവ്യത്യാസത്തോടെ ...

അതിൽ ആദ്യത്തേത് പുസ്തകം ഏകദേശം എട്ടു വർഷങ്ങൾക്കു മുമ്പ് ഉണ്ടായി. സുനാമിയിൽ ഉണ്ടായ ഒരു വലിയ തിരിച്ചടിയുണ്ടാക്കിയ നിരവധിപേർ തകർന്നടിഞ്ഞ സമയത്ത്, എന്തൊക്കെയായാലും പിടിച്ചുനിൽക്കണം എന്നുള്ള ആത്മാർത്ഥതയോടെ ആ നാടുകളിൽ പ്രാർത്ഥിച്ചു. ഓർമ്മ വന്ന കുറവുകളെ എല്ലാം എടുത്തു പറഞ്ഞു. കർത്താവിന്റെ അനുഗ്രഹ സ്പർശം എന്നിലേക്കു ഒഴുകുന്നതു ഞാൻ അറിഞ്ഞു. അന്നേരം, എന്റെ പഴയ ജീവിതത്തോട് വീണ്ടും വീണ്ടും ഉരുവിട്ട സ്നേഹത്തിന്റെയും സമർപ്പണത്തിന്റെയും വാക്കുകളാണ് ഈ ഗാനത്തിൽ ഉള്ളത്.

5. ഒരു പിതാവിനോട് നിങ്ങളുടെ മക്കളിൽ ഏറ്റവും കൂടുതൽ ഇഷ്ടപ്പെടുന്ന കുട്ടി ഏതെന്ന് ചോദിച്ചാൽ ഒരു പക്ഷേ ചോദ്യകർത്താവിനോട് നീരസം തോന്നിയേക്കാം. എന്നിരുന്നാലും അങ്ങനെ ഒരു ചോദ്യം ചോദിക്കുകയാണ്. താങ്കൾ എഴുതി ഈണം നൽകിയ പാട്ടുകളിൽ ഏറ്റവും മികച്ച പാട്ട് ഏത്? അതിന്റെ കാരണം.?

ഉ. ഏറ്റവും ഇഷ്ടപ്പെട്ടത് "കുരിശിന്നാം എൻ ദേഹം എനിക്കായ് അനുവദിച്ച കുരിശു വഹിക്കുന്നു ഞാൻ" എന്ന ഗാനമാണ്. അതിനാധാരം ഒരു സംഭവം ഉണ്ടായത് 1999-ലാണെന്നാണ് എന്റെ ഓർമ്മ. ഞങ്ങളുടെ മക്കൾ മൂന്നു പേർക്കും 5 വയസ്സിൽ താഴെ പ്രായം. ഞാൻ വളരെ ഞെരുക്കങ്ങളിലൂടെ കടന്നു പോകുന്ന സമയം. ഒരിക്കൽ എനിക്ക് ചെന്നൈയിലും ഉത്തർപ്രദേശിലുമായി ജോലിചെയ്ത ജോലിക്കാർക്ക് ചേരേണ്ട ദിവസം എത്തി. കുഞ്ഞുങ്ങൾക്ക് മൂന്നു പേർക്കും അസുഖം. പോകേണ്ട ദിവസം നാളെ വരെയും ബാക്കിയായി. ഉച്ച കഴിഞ്ഞ പ്പോൾ ഞാൻ ആകെ വിവശനായി. അത്ഭുതമായി, ഒരു മീറ്റിംഗ് –

# അഗപ്പെ കൈയ്യെഴുത്തു മാസിക

ക്യാൻസർ ചെയ്യുന്നതിനെ കുറിച്ച് ചിന്തിച്ചു. വീട്ടിൽ കൊണ്ടുതന്നിട്ടു പോകാൻ കയ്യിൽ അധികം രൂപയില്ല. വർഷയും മൂന്നു മക്കളും രോഗികൾ. വീട്ടിൽ അത്യാവശ്യ സാധനങ്ങളും വളരെ കുറവ്. വീട്ടിൽ സഹായിക്കാനാരും ഇല്ലായിരുന്നു. പക്ഷേ, വർഷ പറഞ്ഞു: "പോകു ചേച്ചിയമ്മേ; വീട്ടിലേക്ക് പോകണം; ഞങ്ങളുടെ കാര്യം ദൈവം നോക്കിക്കൊള്ളും; അവിടുന്നാ ജോലിക്കായിട്ടാണല്ലോ പോകുന്നത്". കുഞ്ഞുങ്ങളുടെ കരച്ചിലും വർഷയുടെ നിറഞ്ഞ കണ്ണുകളും "ചേച്ചി... പോകല്ലേ" എന്ന് അവ്യക്തമായി മൂത്ത മകൾ ഉമ്മറ വാതിൽ പിടിച്ചു കരഞ്ഞതും കണ്ട് ഇറങ്ങിപ്പോയ ദിവസം എന്റെ ജീവിതത്തിലെ ഏറ്റവും കഠിനമായ ദിവസം ആയിരുന്നു. ഓർത്തുപോയി. വീട്ടിൽ എന്നെ സംബന്ധിച്ച് എനിക്കിനി മാർഗ്ഗം ഒന്നും ഇല്ല. തിരിഞ്ഞു നോക്കാതെ നടന്നു നീങ്ങുമ്പോൾ മനസ്സിൽ ഗുരുവിന്റെ വാക്കുകളായ് "പിന്നിൽ നിന്നുയരും തേങ്ങലുകളോ, മുന്നിൽ എതിരായ് വരും അല്ലലുകളോ, സാധ്യമല്ലാതാകുന്നതും, എന്നെ ക്രിസ്തുവിൽ നിന്നകറ്റാൻ".

6. കേരളത്തിന്റെ വിവിധ സ്ഥലങ്ങളിലും ലോകത്തിന്റെ വിവിധ ഭാഗങ്ങളിലും സേവനമനുഷ്ഠിക്കുന്ന അഗപ്പെ ഫെല്ലോഷിപ്പ് വിഭാഗം ഉറപ്പിച്ചിരുന്ന സമയത്തെ അപേക്ഷിച്ച് ഇപ്പോൾ ഒരു പരിവർത്തനമായിത്തീരുകയാണോ എന്ന് ഒരു ചോദ്യമുണ്ടായാൽ ... അതിന് എന്ത് മറുപടി നല്കും?

7. സന്യാസിനികളുടെയും പ്രസ്ഥാനങ്ങളുടെയും കുറിച്ച് എനിക്ക് പ്രത്യേക അഭിപ്രായം ഒന്നുമില്ല. എങ്കിലും സ്നേഹവും സേവനവും ത്യാഗവും ഉണ്ട്. സുവിശേഷങ്ങളിൽ പറയുന്ന പ്രകാരം യേശു കർത്താവ് ചെയ്തിരുന്ന സുവിശേഷീകരണ വേലയും പഠിപ്പിച്ചിരുന്ന ഉപദേശങ്ങളും മാതൃകയാക്കാനാണ് ഞാൻ ശ്രമിക്കുന്നത്. പ്രത്യേകിച്ച് നടന്ന യാത്രയിൽ, സന്യാസിനി -

സംസ്കാരത്തിലൂടെ വളരുകയും ഇടപെട്ട് അവരെ ദൈവത്തിലേക്ക് അടുപ്പിക്കുവാൻ ശ്രമിക്കുമ്പോൾ, മനുഷ്യനിർമ്മിതമായ പല നിയമങ്ങളെയും രീതികളെയും മാറ്റിനിർത്തി, വചനത്തിലെ വ്യക്തമായ നിഷ്കർഷകളെ അനുവർത്തിച്ചും പഠിപ്പിച്ചും മുന്നോട്ട് പോകാൻ ഉത്സാഹിക്കുന്നു. അതോടൊപ്പം, ചില ആചാരവിധികളെയും സ്നേഹിച്ചും, വചനം അനുവദിക്കുന്ന പരിധി വരെ ഉചിതമായി സ്വീകരിച്ചും മുന്നോട്ട് പോകുന്നതു നല്ലതെന്നാണ് എന്റെ അഭിപ്രായം.

7. വടക്കേ ഇന്ത്യയിലെ മിഷനറി പ്രവർത്തനങ്ങളെ കുറിച്ച് ചുരുക്കത്തിൽ ഒന്നു പറയാമോ?

ഉ. വടക്കേ ഇന്ത്യയിൽ ഞങ്ങൾ ഇപ്പോൾ ചെയ്തു വരുന്ന പ്രവർത്തനങ്ങളെ കുറിച്ചാണ് ചോദിക്കുന്നത് എന്ന് കരുതുന്നു. ഉത്തരാഖണ്ഡിൽ കാശിപ്പൂരിലാണ് ഞങ്ങൾ താമസിക്കുന്നത്. ഞാൻ മുമ്പ് പ്രവർത്തിച്ചിരുന്ന പഞ്ചാബ് വിട്ട്, പുതിയതായി പ്രവർത്തനങ്ങൾ ആരംഭിച്ചിട്ട് ഒരു വർഷം ആയെങ്കിലും പ്രവർത്തനങ്ങൾ ശക്തിപ്പെട്ടിട്ട് 6 മാസമേ ആകുന്നുള്ളൂ. ഇതിനോടകം, നഗരമധ്യത്തിലെ ഒരു ചേരിയിൽ സ്ഥിരമായി പോയി അവിടുത്തെ കുട്ടികളെ അക്ഷരവും ദൈവ വചനവും പഠിപ്പിച്ചു വരുന്നു. ചില സ്ഥലങ്ങളിൽ മെഡിക്കൽ ക്യാമ്പുകൾ നടത്തുകയും തുടർചികിത്സ ആവശ്യമായി വരുന്നവരെ അതിനായി സഹായിക്കുകയും ചെയ്യുന്നു. ഞങ്ങൾ താമസിക്കുന്നിടത്തു-തന്നെ ഒരു തയ്യൽ പരിശീലന കേന്ദ്രം നടത്തുന്നു. ചേരികളിൽ നിന്നു വരുന്ന പെൺകുട്ടികൾക്കായിട്ടുള്ളതാണ്. 6 മാസത്തെ സർട്ടിഫിക്കറ്റ് കോഴ്സാണ് ഇപ്പോൾ നടത്തി വരുന്നത്.

# അഗപ്പെ കൈയ്യെഴുത്തു മാസിക

ദൈവം ദൂരെയായി ഒരു ഗ്രാമത്തിലും, ഒരു വീട്ടിലും കുട്ടികൾക്കായുള്ള ട്ടാനും പ്രാർത്ഥനയും ആരംഭിച്ചിട്ടുണ്ട്. അങ്ങനെയൊക്കെയാണ് അഗപ്പെ ഒരു പ്രസ്ഥാനമായി ആരംഭിച്ചിരിക്കുന്നത്. ദൈവം നൽകിയിരിക്കുന്ന പദ്ധതികളുടെയും ഉദ്ദേശത്തിന്റെയും ഉത്തമ മാതൃക അനുഭവങ്ങളായി തൊടാൻ സാധിച്ചിട്ടുണ്ട്.

8. CHARITY, EDUCATION, HEALTHCARE, TRAINING.... അവയിലൂടെ ചെയ്യുന്ന നിസ്വാർത്ഥരായ ജനങ്ങളോടൊപ്പം നിങ്ങളുണ്ട്. എന്നാൽ ഇതിനാവശ്യമായ പണം എങ്ങനെ കണ്ടെത്തുന്നു.?

ഉ. സത്യം പറഞ്ഞാൽ. ഞാൻ ശുശ്രൂഷക്കായി പലയിടങ്ങളിലും യാത്ര ചെയ്യുമ്പോൾ ലഭിക്കുന്ന പണമാണ് പ്രവർത്തനങ്ങൾക്കായി ഉപയോഗിക്കുന്നത്. അതിൽ പ്രവർത്തകരെന്നു പറയുന്നതും നിങ്ങളുടെ കുടുംബത്തിന്റെ ആവശ്യത്തിനെന്നു പറഞ്ഞു തരുന്നതും എടുക്കാറുണ്ട്. ഇതുവരെയും വഴിമുട്ടി നിൽക്കാൻ ഇടയായിട്ടില്ല. ദൈവത്തിന് സ്തോത്രം.

9. മറ്റുള്ളവർക്ക് നിങ്ങളുടെ പ്രവർത്തനങ്ങളിൽ എങ്ങനെ ഒക്കെ പങ്കാളികളാകാം എന്നു കൂടി ഒന്നു വിവരിക്കാമോ?

ഉ. പല നിലകളിലും പങ്കാളികളാകുവാൻ സാധിക്കും:

1. പ്രാർത്ഥനയിൽ സഹായിക്കാം. ദിനങ്ങളിൽ എഴുന്നേറ്റപ്പോഴും രണ്ടു വാക്ക് ഈ പ്രവർത്തനങ്ങൾക്കായി പ്രാർത്ഥിക്കാം.

# അഗപ്പെ കൈയ്യെഴുത്തു മാസിക

2. സമയം അനുവദിക്കുന്ന പക്ഷം ഞങ്ങളോടൊപ്പം ചില ദിവസങ്ങളിൽ വന്നു പ്രവർത്തിക്കാം. 10 ദിവസം, ഒരു മാസം, ... സാഹചര്യം അനുസരിച്ചു. വടക്കേ ... ഇന്ത്യയിൽ ആരംഭിക്കുന്ന സംഗീത ശുശ്രൂഷ പുനരാരംഭിക്കുന്നതിനായി മുട്ടിപ്പായി, പ്രാർത്ഥിച്ചു കൊണ്ടിരിക്കുകയാണ്. അതിൽ പാട്ടുകാർ, ഉപകരണങ്ങൾ വായിക്കുന്നവർ, സൗണ്ട് ടെക്നീഷ്യൻമാർ, ഡ്രൈവർ, സഹായികൾ എന്നിവരുടെയെല്ലാം ആവശ്യമുണ്ട്. കഴിവും സമർപ്പണവുമുള്ളവർക്കായി വാതിൽ തുറന്നു കിടക്കുകയാണ്.

3. സാമ്പത്തികമായും സഹായിക്കാം. എല്ലാ മാസവും ക്രമമായി സഹായിക്കാൻ ചിലർ ഉണ്ടായാൽ അത് വലിയൊരു ആശ്വാസമാണ്. മാസവാടക, സ്റ്റാഫിന്റെ ശമ്പളം, മറ്റു ചിലവുകൾ എന്നിവ പൂർണ്ണമായോ ഭാഗികമായോ ഏറ്റെടുക്കാം. സംഗീത .. ശുശ്രൂഷക്കായി വാഹനം, സൗണ്ട് സിസ്റ്റം എന്നിവ ആവശ്യമുണ്ട്. പ്രവർത്തകർ താമസിക്കുന്നതിനായി സ്ഥലവും കെട്ടിടവും ആവശ്യമുണ്ട്.

10. അനന്ത സമ്പത്തിനെ പാടുന്ന പോലെ ഉരുകും ഒരു പാട്ട്, ദുഃഖസാഗരമായ ഒരു നാമം എഴുതി തന്നോ എന്ന് ഓർക്കുമ്പോൾ അത്ഭുതപ്പെടുന്നു ...

9. ഓരോ ദിവസം എനിക്കു നൽകുന്ന നാമങ്ങൾ എല്ലാം തന്നെ ആശ്വാസത്തിന്റെയും വിശ്വാസത്തിന്റെയും പ്രോത്സാഹനത്തിന്റെയുമാണ്. അത് വിട്ട് തികച്ചും ദുഃഖസാഗരമായ ഒരു നാമം തെരഞ്ഞെടുക്കാനാണെങ്കിൽ-

# അഗപ്പെ കൈയ്യെഴുത്തു മാസിക

ഷിന്റോ സുനിലിനെ അനുഗ്രഹിച്ചു മതിയാകും. അത് എത്രമാത്രം വിജയിക്കുമെന്ന് പറയാൻ കഴിയില്ല.

11. Use ചെയ്തതും അല്ലാത്തതുമായ വസ്ത്രങ്ങൾ ആളുകൾ ഒരു പക്ഷേ collect ചെയ്ത് നിങ്ങളെ അറിയിച്ചാൽ അത് സ്വീകരിക്കുമോ? അത് നിങ്ങൾക്ക് ഉപകാരപ്രദമാകുമോ?

ഉ. ഞങ്ങളുടെ പ്രവർത്തനത്തിൽ കുട്ടികൾക്കുള്ള വസ്ത്രങ്ങൾ പ്രയോജനപ്പെടും. ചെറിയ കുഞ്ഞുങ്ങൾ മുതൽ 17 വയസ്സു വരെയുള്ള ആൺ കുട്ടികളുടെയും പെൺ കുട്ടികളുടെയും വസ്ത്രങ്ങൾ ലഭിക്കുന്നത് സഹായമാണ്. എന്നാൽ പരിഗണിക്കേണ്ട ഒരു വിഷയം, അത് നാട്ടിൽ എത്തുന്നത് വരെയുള്ള ചിലവാണ്. കാർഗോ സർവ്വീസ് വഴി അയച്ച് നാട്ടിൽ എത്തിക്കുമ്പോഴേക്കും ചിലപ്പോൾ പുതിയ വസ്ത്രം വാങ്ങുന്നതിനേക്കാൾ ചിലവു വന്നേക്കാം!.

12. അഗാപെ മാസികയ്ക്ക് ഒരു വെബ്സൈറ്റ് പ്രവർത്തിക്കുന്നുണ്ട്. ഈ വെബ്സൈറ്റിലേക്ക് താങ്കൾ എഴുതി തന്നതും ചേർത്ത് ഇടയ്ക്കിടെ വന്ന് അനുഭവം ചോദിച്ചാൽ ...?

ഉ. തീർച്ചയായും അനുഭവം തരാം. പാട്ടുകൾ എന്റെ മാർഗത്തിലൂടെയും എല്ലാവർക്കും അനുഗ്രഹമായി തീരണം എന്നതാണ് ആഗ്രഹം.

# അഗപ്പെ കൈയ്യെഴുത്തു മാസിക

13. കുടുംബത്തെക്കുറിച്ച്....?


ഉ. ഭാര്യ ഷീബ. 7EYES-ന്റെ സംരംഭത്തിൽ മുഴുവൻ പ്രവർത്തനങ്ങൾക്കും നേതൃത്വം നൽകുന്നു. മൂത്ത മകൻ: റോബിൻ 19 വയസ്സ്, സിവിൽ (ആർക്കിടെക്ചർ) രണ്ടാം വർഷം പഠിക്കുന്നു. രണ്ടാമത്തെ മകൾ: റോസ്മി 17 വയസ്സ്, പ്ലസ് ടു പൂർത്തിയാക്കുന്നു. മൂന്നാമത്തെ മകൻ: സാനി 15 വയസ്സ്, പത്താം ക്ലാസ്സ് പൂർത്തിയാക്കുന്നു. മക്കൾ എല്ലാവരും സംഗീതത്തിൽ തല്പരരാണ്.

14. ഈ ചോദ്യങ്ങൾക്ക് എല്ലാം കൃത്യമായ ഉത്തരം നൽകിയ ബ്രോ. RSV യോട് നന്ദി പറയുന്നു. ദൈവം ധാരാളമായി തന്റെ ഭണ്ഡാരത്തിൽ നിന്നും അങ്ങയെ അനുഗ്രഹിക്കട്ടെ. അഗാപ്പെ മാസികയുടെ എല്ലാവിധ ആശംസകളും നേരുന്നു.

ഉ. വളരെ നന്ദിയുണ്ട്. ഈ പ്രസിദ്ധീകരിക്കുന്ന വിവരങ്ങൾ, വായനക്കാർക്കും ഞങ്ങളുടെ [7EYES] പ്രവർത്തനങ്ങൾക്കും അനുഗ്രഹമായിരിക്കും എന്നു തന്നെ ഞാൻ വിശ്വസിക്കുന്നു. അതിനായ് പ്രയത്നിച്ച ഏവർക്കും അഗാപ്പെ മാസികക്കും എന്റെ നന്ദിയും സ്നേഹവും അറിയിക്കുന്നു. ദൈവം ധാരാളമായി അനുഗ്രഹിക്കട്ടെ.

കടപ്പാട്: ROJU HESTON.

# അഗപ്പെ കൈയ്യെഴുത്തു മാസിക



# അഗപ്പെ കൈയ്യെഴുത്തു മാസിക

## അപ്പൊ. പ്രവൃത്തികൾ ഒരു പഠനം.

ദൈവനാമത്തിന് വീണ്ടും സ്തോത്രം അർപ്പിക്കുന്നു. അപ്പൊ. പ്രവൃത്തികൾ എന്ന പുസ്തകം പഠിക്കുവാൻ ദൈവം നല്കിയ കൃപകളായി നന്ദി പറയുന്നു. ഈ മാസികയുടെ കഴിഞ്ഞ പോയ 11 ലക്കങ്ങളിൽ കൂടി ഈ പുസ്തകത്തിന്റെ ഒന്നാം അദ്ധ്യായം നാം ചിന്തിച്ചു കഴിഞ്ഞു. ഇതിൽ നിന്നും നാം പഠിച്ച അറിവിന്റെ എത്രയോ അനേകം മറ്റു അനുഭവങ്ങൾ ഇനിയും ഉണ്ടായിരിക്കാം. എന്നിരുന്നാലും പരിശുദ്ധാത്മാവ് നമ്മോടു സംസാരിച്ചത് നാം ശ്രദ്ധിച്ചുവോ, ദൈവത്തിന്റെ ഹിതത്തിന് നാം അനുസരണമുള്ളവരാകുന്നുവോ എന്നുള്ളതാണ് പ്രധാനം. നമുക്കു ദൈവ വചനത്തിൽ നിന്നു കിട്ടുന്ന അറിവുകൾ അനുസരിക്കുവാനും മറ്റുള്ളവരോട് പങ്കുവെച്ചു നിത്യമായ രക്ഷയിലേക്കു അവരെ നയിക്കുവാനുമുള്ളതാണ്.
ഒന്നാം അദ്ധ്യായത്തിലെ പ്രധാനപ്പെട്ട നിർവചനങ്ങളിലൂടെ ഒന്നു കൂടെ ഓട്ടപ്രദക്ഷിണം നടത്താം.

A. ഉയിർത്തെഴുന്നേറ്റ നാല്പതു ദിവസം ശിഷ്യന്മാർക്കു പ്രത്യക്ഷനായി ദൈവരാജ്യം സംബന്ധിച്ച കാര്യങ്ങളെ വിവരമാക്കി, മരണത്തിന്റെ പാശങ്ങൾക്ക് ഒരിക്കലും തന്നെ അടക്കി വെയ്ക്കുവാൻ സാധ്യമായിരുന്നില്ല എന്നും, ഈ ലോകത്തിന്റെ പ്രഭുവിനെ ജയിച്ച കർത്താവിനോട് ഒരു കാര്യവുമില്ല എന്നും പല ദൃഷ്ടാന്തങ്ങളിലൂടെ തെളിയിച്ചു കൊടുത്തു.

B. യേശുവിൽ നിന്നും കേട്ടതായ പിതാവിന്റെ വാഗ്ദത്തത്തിനായി യെരുശലേമിൽ നിന്നും വാങ്ങിപ്പോകാതെ കാത്തിരിക്കേണം എന്നുള്ള കല്പന.

C. യോഹന്നാൻ വെള്ളം കൊണ്ട് സ്നാനം കഴിപ്പിച്ചു. നിങ്ങൾക്കോ പരിശുദ്ധാത്മാവിനാൽ സ്നാനം ലഭിക്കും എന്നുള്ള വാഗ്ദത്തം.

# അഗപ്പെ കൈയ്യെഴുത്തു മാസിക

D. ഇസ്രായേലിനു രാജ്യം പുനഃസ്ഥാപിച്ചുകൊടുക്കുന്നത് എപ്പോഴോ കർത്താവേ എന്നുള്ള ശിഷ്യന്മാരുടെ ഭൗതികമായ ചോദ്യവും പിതാവിന്റെ അധികാരത്തിൽ വച്ചിട്ടുള്ള കാലങ്ങളെയോ സമയങ്ങളെയോ അറിയുന്നതു നിങ്ങൾക്കുള്ളതല്ല എന്നുള്ളതായ യേശു കർത്താവിന്റെ മറുപടിയും.

E. പരിശുദ്ധാത്മാവു നിങ്ങളുടെ മേൽ വരുമ്പോൾ നിങ്ങൾ ശക്തി ലഭിച്ചിട്ടു യെരുശലേമിലും യെഹൂദ്യയിൽ എങ്ങും ശമര്യയിലും ഭൂമിയുടെ അറ്റത്തോളവും എന്റെ സാക്ഷികൾ ആകും എന്നുള്ള ലോക ചരിത്രത്തിനോ ലോകത്തിന്റെ ശക്തികൾക്കോ ഒരിക്കലും മാറ്റുവാൻ പറ്റാതിരുന്നതും ഇപ്പോഴും തന്നെ വളർന്നു വരികയും തുടരുന്നതുമായ സുവിശേഷ പ്രഘോഷണത്തിനുള്ള ആഹ്വാനം.

F. യേശു കർത്താവിന്റെ സ്വർഗ്ഗാരോഹണത്തിന് ശിഷ്യന്മാർ സാക്ഷികൾ ആകുന്നു.

G. യേശുവിനെ കർത്താവാക്കിയിരിക്കുന്ന തിരിച്ചുവരവിനായി കാത്തിരിക്കുന്ന ശിഷ്യന്മാരുടെ ഹൃദയത്തിൽ എപ്പോഴും പ്രകാശിക്കുന്നതായ വെള്ളവസ്ത്രം ധരിച്ച രണ്ടു പുരുഷന്മാരുടെ ഉറപ്പ് "നിങ്ങളെ വിട്ടു സ്വർഗ്ഗാരോഹണം ചെയ്ത ഈ യേശുവിനെ സ്വർഗ്ഗത്തിലേക്കു പോകുന്നവനായി നിങ്ങൾ കണ്ടതുപോലെ തന്നെ അവൻ വീണ്ടും വരും എന്നുള്ള ഉറപ്പ്".

H. പരിശുദ്ധാത്മാവിനായി ഏകമനസ്സോടെ ശിഷ്യന്മാർ സ്ത്രീകളോടും യേശുവിന്റെ അമ്മയായ മറിയയോടും അവന്റെ സഹോദരന്മാരോടും കൂടെ കാത്തിരിക്കുന്നു.


I പത്രോസിന്റെ ആദ്യത്തെ പ്രസംഗം. തിരുവെഴുത്തുകളെ അടിസ്ഥാനമാക്കി യേശുവിനെ ഒറ്റിക്കൊടുത്ത യൂദായെ കുറിച്ചു വിവരിക്കുകയും അവനു പകരമായി അപ്പോസ്തലത്വത്തിന്റെ സ്ഥാനം -

പടിക്കെട്ടിനു മുമ്പേ പോരെ നിർത്തി ചിരിക്കുകയും ചിലർ മരിയാനിനു വീഴുകയും അവിടെ ചതിയന്മാരു മനുഷ്യാത്മാക്കളുടെ കൂട്ടത്തിൽ പിടിക്കുകയും ചെയ്തു.
മൂന്നാം അദ്ധ്യായത്തിൽ വീണ്ടും ഒരിക്കൽ കൂടി പ്രത്യക്ഷനായി കഴിഞ്ഞു.
ലോക ചരിത്രത്തിൽ ഇന്നുവരെ കേൾക്കാത്ത ഒരു സംഭവം ആണ് മൂന്നാം അദ്ധ്യായത്തിൽ നമ്മൾ കേട്ടു. "ലോകം വീണ്ടും കടന്നു വരും" എന്നുള്ള സുവാർത്ത.

ഇനിയും നമ്മൾ നാലാം അദ്ധ്യായത്തിലേക്കു പ്രവേശിക്കുകയാണ്. വീണ്ടും ഒരു പുതിയ നായിക കൂടി നമുക്കു കാണുവാൻ കഴിയും. യേശു കർത്താവിന്റെ ശരീരമായ സഭയുടെ ചിത്രം.

തുടർന്നുള്ള ലക്കത്തിൽ നാലാം അദ്ധ്യായം നമുക്ക് ശ്രദ്ധയോടെ പഠിക്കാം. ദൈവം നമ്മെ ഒരുമിച്ച് അനുഗ്രഹിക്കട്ടെ!

അഗപ്പെ കൈയ്യെഴുത്തു മാസിക



കഴിഞ്ഞ ലക്കത്തിൽ നിന്ന് തുടർച്ച.

## വേദപുസ്തക ചരിത്രം.

6. വേദപുസ്തക കാനോൻ.

കാനോൻ എന്ന വാക്കിന് അളവുകോൽ എന്നാണർത്ഥം. ഏതെങ്കിലും വസ്തുതയെ പരിശോധിക്കുന്നതിനുള്ള മാനദണ്ഡം അഥവാ പ്രമാണം എന്ന അർത്ഥത്തിലും ഈ പദം ഉപയോഗിക്കാറുണ്ട്. വേദപുസ്തക ഗ്രന്ഥങ്ങൾ അംഗീകരിക്കുവാനുള്ള മാനദണ്ഡത്തെ കാനോൻ എന്നു പറയുന്നു.

7. പഴയനിയമ കാനോൻ.

ബാബേൽ പ്രവാസത്തിനു ശേഷം എസ്രാ ശാസ്ത്രിയാണു പഴയനിയമ ഗ്രന്ഥങ്ങളെ കൂട്ടിച്ചേർത്തത് എന്നു വിശ്വസിച്ചു പോരുന്നു. യെഹൂദ ചരിത്രകാരനായ ജോസീഫസിന്റെ എഴുത്തുകളിൽ ഇന്നത്തെ 39 പഴയ-നിയമ പുസ്തകങ്ങളെ 22 ആയിട്ടാണു ചേർത്തിരിക്കുന്നത്. (സെപ്റ്റുവജിന്റ് ഭാഷാന്തരത്തിലാണ് ഇന്നത്തെ നിലയിൽ അത് 39 ആയി ക്രമീകരിച്ചത്.)

8. അപ്പോക്രിഫാ ഗ്രന്ഥങ്ങൾ.

അപ്പോക്രിഫാ എന്ന വാക്കിന് 'മറഞ്ഞിരിക്കുന്നത്' എന്നർത്ഥം. ബൈബിൾ ലത്തീൻ ഭാഷയിലേക്കു വിവർത്തനം ചെയ്ത ജെറോം, കാനോനികമല്ലാത്ത ഗ്രന്ഥങ്ങൾക്ക് ഒരു പേരു നൽകി. ബി.സി. 200 മുതൽ എ.ഡി. 70 വരെയുള്ള കാലഘട്ടത്തിലാണ് അപ്പോക്രിഫാ ഗ്രന്ഥങ്ങൾ എഴുതപ്പെട്ടത്. ഇതിൽ പലതിന്റെയും ഗ്രന്ഥകർത്താക്കൾ ആരാണെന്നു വ്യക്തമല്ല. അപ്പോക്രിഫാ എന്ന പേരിൽ അറിയപ്പെടുന്ന ഗ്രന്ഥങ്ങളെ റോമൻ കത്തോലിക്കാ സഭ എ.ഡി 1546 ലെ ട്രെന്റ് സുന്നഹദോസിൽ അംഗീകരിച്ചു വിശുദ്ധമാക്കി. പിന്നീട് അവയിൽ 12 എണ്ണം ബൈബിളിനോട് കൂട്ടിച്ചേർക്കുകയും ചെയ്തു. എന്നാൽ യെഹൂദ കാനോനിൽ ഈ ഗ്രന്ഥങ്ങൾക്ക് ഒരിക്കലും സ്ഥാനം ലഭിച്ചിട്ടില്ല.

(തുടരും....).

# അഗപ്പെ കൈയ്യെഴുത്തു മാസിക



## പഴയ പാട്ടുകൾ.

രീതി: കൊച്ചുകുഞ്ഞു ഉപദേശിയുടെ ഗാനങ്ങൾ:

ആനന്ദമെനിക്കാനന്ദമെനി-
ക്കെന്നും ദൈവത്തിൻ സന്നിധിയിൽ (സങ്കീ. 16-10)

1. ലോകം വിട്ടിനിക്കൊരു ഭാഗ്യമല്ലെന്നാൽ
സ്നേഹം നിറഞ്ഞെന്റെ രക്ഷിതാവിൽ
സ്വർല്ലോക നാട്ടുകാർക്കിടയിൽ പല
കൂട്ടു സ്നേഹിതർ വാണിടുന്നു (യോഹ. 16:20-22]

2. കർത്താവേ നിന്റെ സങ്കേതമാകയാൽ
ഉള്ളിൽ മന:ക്ലേശം ലേശമില്ല (2 കൊരി.1:15)
വിശ്വാസ കപ്പലിൽ സ്വർപ്പുരം ചേരുവാൻ
ചുക്കാൻ പിടിക്കുന്ന യേശു നാഥാ (1 തിമൊ. 1:19, 2 തിമൊ. 4:18)

3. പരിശുദ്ധാത്മാവേ നിന്നിൽ ചാരിയിരുന്നെന്നെ
ബാഖായിൻ താഴ്‌വരയിലെന്റെയിൽ
നിലയ്ക്കാത്തുറവ തന്നിൽ ലേശം നടത്തി-
ട്ടാനന്ദക്കണ്ണീർ വീഴ്ത്തിടാതെ (സങ്കീ: 84:6,7)


4. കൂടാര വാസികളാകും മക്കളേ
വീടല്ലോ നാടല്ലോ മാറിപ്പോകുന്നു
കൈകളാൽ തീർക്കാത്ത വീടൊന്നു താതൻ താൻ
ഇന്നു നമുക്കായി വെച്ചിട്ടുണ്ട് (2 കൊരി. 5:1)

5. ഭാരം പ്രയാസമേറുന്നു വന്നേശു-
താനുകൂലമായതിൽ വന്നിടുകിൽ
പാരം കരുണയുള്ളവൻ നമുക്കായി-
ട്ടേറം കൃപ നൽകി പാലിച്ചിടും (2 കൊരി. 9:8)

# അഗപ്പെ കൈയ്യെഴുത്തു മാസിക

6. [illegible]
[illegible] ദുഃഖം
[illegible]
[illegible] (യോഹ. 16:33)

## അഗപ്പെ കൈയ്യെഴുത്തു മാസിക



## ചോദ്യാവലി.

1. മനുഷ്യൻ ഭൂമിയിൽ ഉണ്ടായി എത്രാമത്തെ വർഷമാണ് ആദ്യത്തെ ന്യായവിധിയായ ജലപ്രളയം ഉണ്ടാകുന്നത്?
2. നോഹയുടെ വംശപാരമ്പര്യം എന്ത്?
3. നോഹയും കുടുംബവും പെട്ടകത്തിന് പുറത്ത് വന്നതിനു ശേഷം ആദ്യമായി ചെയ്തത് എന്ത്?

ഉത്തരങ്ങൾ അയക്കേണ്ട വിലാസം - agape.magasine@gmail.com

കഴിഞ്ഞ ലക്കത്തിലെ ഉത്തരങ്ങൾ:-

1. ബൈബിളിൽ ആദ്യമായി പേര് രേഖപ്പെടുത്തിയിരിക്കുന്നത് ആരുടെ?
   ഹവ്വായുടെ - [ഉല്പത്തി 3:20]
2. ആരു ജനിച്ചതിനു ശേഷമാണ് യഹോവയുടെ നാമത്തിലുള്ള ആരാധന തുടങ്ങിയത്?
   എനോശ് [ഉല്പത്തി 4:26]
3. ബൈബിളിൽ രേഖപ്പെടുത്തിയിരിക്കുന്ന ആദ്യത്തെ രക്തസാക്ഷി?
   ഹാബേൽ - [ഉല്പത്തി 4:8]

പ്രശസ്ത ബൈബിൾ ടീച്ചർ ബ്രദർ. സാജു ജോസഫ് മാത്യുവിന്റെ ബൈബിൾ ക്ലാസുകൾക്കായി സന്ദർശിക്കുക!
www.agapemagazine.com